©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10 Vol. X | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2021 ജനുവരി 26 26th January 2021 / 1196 മകരം 13 13th Makaram 1196 / 1942 മാഘം 6 6th Magha 1942 | നമ്പർ No. 4 |

# PART III

# Co-operative Department

### രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ ഒ-5743/2020/ആർ.ഡിസ്. 2020 നവംബർ 18.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ (തപാലാഫീസ്, തിരുവമ്പാടി) തൃശ്ശൂർ ഡിസ്ട്രിക്ട് ഡിസ്ട്രിബ്യൂട്ടേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം ഇന്നേ ദിവസം പ്രസ്തുത ആക്ട് അനുസരിച്ച് ക്ലിപ്ത ബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

### തരം തിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ നമ്പരും പേരും—ആർ 1551 തൃശ്ശൂർ ഡിസ്ട്രിക്റ്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം.
2. രജിസ്റ്റർ ചെയ്ത തീയതി—18-11-2020.
3. മേൽവിലാസം—പി. ഒ. തിരുവമ്പാടി, പാട്ടുരായ്ക്കൽ
4. പ്രവർത്തന പരിധി—തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള പ്രദേശങ്ങൾ.
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ഉന്നമനത്തിനും സാമൂഹ്യ പുരോഗതിക്കും.
7. അംഗീകൃത ഓഹരി മൂലധനം—

| | | |
|---|---|---|
| 'എ' ക്ലാസ്സ് 100 × 40,000= | | ₹ 40,00,000 |
| 'ബി' ക്ലാസ്സ് 1000 × 1,400 | = | ₹ 14,00,000 |
| 'സി' ക്ലാസ്സ് 10 × 10,000 | = | ₹ 1,00,000 |
| ആകെ | | ₹ 55,00,000 |

8. സംഘത്തിന്റെ തരം—ചട്ടം 15 (12) (1) സാമൂഹ്യക്ഷേമം.
9. പരമാവധി വാങ്ങാവുന്ന കടം—പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും ആകെ തുകയുടെ 150 ഇരട്ടി.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)
ഓഫീസ്, തൃശ്ശൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

REGISTRATION CERTIFICATE

No. JRGWYD/2760/2020-O. *22nd October 2020.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society—Mananthavady Co-operative Rural Society W355.
2. Date of Registration—22-10-2020.
3. Address—Mananthavady P. O., Wayanad.
4. Liability—Limited.
5. Area of Operation—Mananthavady Municipality, Thirunelly Grama Panchayath, Thavinhal Grama Panchayath.
6. Main Object—Credit activities.
7. Type of Society—Other Primary Credit Societies-(iv) Rural Co-operative Societies, as per Rule 15-1.(C). (iv).
8. Authorised Share Capital—₹ 1,50,00,000.
9. Maximum Borrowing Power—150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of Co-operative Societies (General), Wayanad.

(Sd.)
*Joint Registrar (General).*

---

**വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം**

(ഹാജർ : എം. സജീർ, ജോയിന്റ് രജിസ്ട്രാർ)

നമ്പർ JRGWYD/2719/2020-AEL. 2020 ഡിസംബർ 1.

വിഷയം :—സമാപ്തീകരണം—തവിഞ്ഞാൽ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു.-105—പ്രാഥമിക സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-7-2020-ലെ AE 827/17 (25) നമ്പർ കത്തും സഹകരണ നിയമം വകുപ്പ് 66 റിപ്പോർട്ടും.

(2) ഈ ആഫീസിന്റെ 10-8-2020-ലെ നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ തലപ്പുഴ ആസ്ഥാനമായി രൂപീകരിച്ചിരുന്ന ക്ലിപ്തം നമ്പർ ഡബ്ല്യു. 105 തവിഞ്ഞാൽ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ AE-827/17 (25) നമ്പർ ഉത്തരവിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ച പ്രകാരം മേൽ സൂചന (1) ആയി ഈ ആഫീസിലേക്ക് അയച്ച് തന്നിട്ടുണ്ട്.

ടി റിപ്പോർട്ടിൽ സംഘത്തിന് ആഫീസോ കെട്ടിടമോ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും നിലവിൽ സംഘം പ്രവർത്തന രഹിതമാണ് എന്നും സംഘം ഭരണ സമിതിയിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടന്നതായി കാണുന്നില്ല എന്നും ഭരണസമിതിയോ, ആഫീസോ ജീവനക്കാരോ ഇല്ലാത്ത തീർത്തും പ്രവർത്തന രഹിതമായ സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ല. സംഘം നിർജ്ജീവമായ സാഹചര്യമാണ് ഉള്ളതെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും നിലവിലില്ല എന്നും, അപ്രകാരം പ്രവർത്തന രഹിതമായ സംഘം സഹകരണ നിയമം വകുപ്പ് 71, 72 പ്രകാരം സമാപ്തീകരിക്കുന്നതാണ് ഉചിതമായത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

മേൽ സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിക്കണമെന്ന് നിർദേശിച്ച് കൊണ്ട് ധനസഹായ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ല്യു. 105 തവിഞ്ഞാൽ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരാവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, (ഒപ്പ്)
വയനാട്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

**കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

നമ്പർ ഒ/656/2020. 2020 ഡിസംബർ 22.

വിഷയം :—സമാപ്തീകരണം—മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് ക്ലിപ്തം നമ്പർ എസ്. 472—രജിസ്ട്രേഷൻ കേരള സഹകരണനിയമം വകുപ്പ് (74) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന :—(1) കാസറഗോഡ് ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 3-1—2018-ലെ ഒ/3015/2017 നമ്പർ ഉത്തരവ്.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 24-8-2020-ാം തീയതിയിലെ ഒ/656/2020-ാം നമ്പർ ഉത്തരവ്.

(3) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 6-11-2020-ാം തീയതിയിലെ ഒ/656/2020-ാം നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 17-11-2020-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 17-11-2020-ാം തീയതിയിലെ 128/2018/ടി നമ്പർ ഉത്തരവ്.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ 27-11-2020-ലെ 128/2018/ടി നമ്പർ കത്ത്.

ക്ലിപ്തം നമ്പർ എസ്. 472 മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനായി തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ലിക്വിഡേറ്റർ 31-1-2018-ാം തീയതിയിൽ ചാർജ്ജ് എടുത്തു. സംഘത്തിന്റെ ഓഡിറ്റ് 2016-17 വർഷം വരെ പൂർത്തി യായിരുന്നു. ആയതുപ്രകാരമുള്ള ആസ്തി ബാധ്യതകൾ താഴെ കൊടുക്കുന്നു.

| ബാദ്ധ്യതകൾ | തുക ₹ | ആസ്തി | തുക ₹ |
|---|---|---|---|
| ഓഹരി (വ്യക്തികൾ) | 54,000 | കൈവശം | 560 |
| ഓഹരി (സർക്കാർ) | 10,000 | | |
| തേയ്മാന ഫണ്ട് | 8733.05 | ബാങ്കിൽ | 653 |
| ഫർണിച്ചറുകൾക്കുള്ള കരുതൽ | 12,150 | മറ്റ് സ്ഥാപനങ്ങളിലെ ഓഹരി | 11,471 |
| സിൽബന്തി ചെലവ് | 12,300 | അകസാമാനം | 31,950.50 |
| തൻചെലവ് | | അറ്റനഷ്ടം | 64,841.55 |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടത് | 12,293 | | |
| ആകെ | 109476.05 | ആകെ | 109476.05 |

മേൽ കടധന പട്ടികയിലെ ബാധ്യതയിൽ സർക്കാർ ഓഹരി ₹ 10,000 ട്രഷറിയിൽ അടച്ചു തീർത്തശേഷം ബാധ്യതകൾ ഒന്നും കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയതിനാൽ അത് കണ്ടുകെട്ടുന്നതിനും ആസ്തികളിൽ ബാങ്ക് നിക്ഷേപം ഒഴികെയുള്ള ആസ്തികൾ ഈടാക്കാനാവില്ലെന്നതിനാൽ എഴുതിതള്ളുന്നതിനും ബഹുമാനപ്പെട്ട ജോയിന്റ് രജിസ്ട്രാർ സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിനു ശേഷം കാസറഗോഡ് ജില്ലാ ബാങ്കിൽ നിന്ന് ഓഹരിയിനത്തിൽ കിട്ടാനുണ്ടായിരുന്ന ₹ 13,710 ആസ്തിയിലേക്ക് വരവ് ലഭിച്ചു. കൂടാതെ സംഘത്തിന്റെ ആസ്തിയിൽ ₹ 31,950.50 അകസാമാനം ഇനത്തിൽ ഉണ്ടായിരുന്നത് മുഴുവനായും എഴുതിത്തള്ളിയിരുന്നുവെങ്കിലും ഫർണിച്ചർ ലേലം ചെയ്ത വകയിൽ ₹ 18450.50–ം ബാങ്ക് അക്കൗണ്ടിലെ ബാക്കി നിൽപ്പിന് ₹ 1,296 പലിശയും ലഭിക്കുകയുണ്ടായി. അതു പ്രകാരം ലഭ്യമായ തുകയുടെ 15% തുക ലിക്വിഡേഷൻ ചാർജായി ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കുകയും സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തിനാൽ അവസാന പൊതുയോഗം ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 28-10-2020-ന് വിളിച്ചു ചേർക്കുകയും വിവരം രണ്ട് പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തു. എന്നാൽ യോഗത്തിൽ ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ മിച്ചമുള്ള തുക പൂർണ്ണമായി ഹൊസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിച്ചു നിലവിലുള്ള ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽപ്രകാരവും തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും കടധന പട്ടികയും ചുവടെ ചേർക്കുന്നു.

**വരവ്-ചെലവ് കണക്ക്**

| വരവ് | | തുക ₹ | ചെലവ് | തുക ₹ |
|---|---|---|---|---|
| നീക്കിയിരിപ്പ് തുക | | 560 | നീക്കിയിരിപ്പ് തുക ലിക്വിഡേറ്ററുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചത് | 560 |
| ഫർണിച്ചർ ലേലം ചെയ്ത വകയിൽ | | 18450.50 | ലേലതുക ബാങ്കിൽ നിക്ഷേപിച്ചത് | 18450.50 |
| ജില്ലാ ബാങ്ക് ചീമേനി ബ്രാഞ്ചിൽ ഉണ്ടായ തുക | | 653 | ജില്ലാ ബാങ്ക് ചീമേനി ബ്രാഞ്ചിൽ സംഘത്തിന്റെ പേരിലുള്ള എസ്. ബി. അക്കൗണ്ടിന്റെ ഡോർമെന്റ് ചാർജ്ജ് | 221 |
| | | | ജില്ലാ ബാങ്ക് ചീമേനി ബ്രാഞ്ചിൽ സംഘത്തിന്റെ പേരിൽ എസ്. ബി. അക്കൗണ്ടിൽ ഉണ്ടായ തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചത് ബാങ്കിൽ നിക്ഷേപിച്ചത് | 516 |
| ബാങ്കിൽ നിന്നും പിൻവലിച്ചത് | 10,000<br>2,250<br>5,170 | 17,420 | സർക്കാർ ഓഹരി ട്രഷറിയിൽ ഒടുക്കിയത് | 10,000 |
| ജില്ലാ ബാങ്ക് കാസറഗോഡിൽ നിന്നും അനാമത്ത് അക്കൗണ്ടിൽ നിന്നും ലഭിച്ചത് | | 120 | | |

| | | | |
|---|---|---|---|
| ജില്ലാ ബാങ്ക് കാസറഗോഡിൽ നിന്നും ഓഹരി ഇനത്തിൽ ലഭിച്ചത് | 11,471 | ജില്ലാ ബാങ്ക് ഓഹരി, ഡിവിഡന്റ് അനാമത്ത് തുക എന്നിവ ബാങ്കിൽ എന്നിവ ബാങ്കിൽ നിക്ഷേപിച്ചത് | 13,710 |
| ജില്ലാ ബാങ്കിലെ ഓഹരിക്ക് ഡിവിഡന്റ് ലഭിച്ചത് | 2,119 | പത്ര പരസ്യം നൽകിയതിന് ചെലവ് | 2,250 |
| | | ലിക്വിഡേഷൻ ചാർജ് ട്രഷറിയിൽ അടച്ചത് | 5,170 |
| പലിശ-വരവ് 1212+84 | 1296 | പലിശ-വരവ് ബാങ്കിൽ നിക്ഷേപിച്ചത് | 1,212 |
| ബാങ്ക് അക്കൗണ്ട് അവസാനി പ്പിച്ചതു പ്രകാരം ലഭിച്ച തുക | 17,065.50 | അക്കൗണ്ട് അവസാനിപ്പിച്ചതു പ്രകാരം ലഭിച്ച തുക കോമൺ ലിക്വിഡേഷൻ ഫണ്ടിൽ അടച്ചത് | 17,065.50 |
| ആകെ | 69,155 | ആകെ | 69,155 |

**കടധന പട്ടിക 30-10-2020**

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി (വ്യക്തികൾ) | ഇല്ല | മറ്റു സ്ഥാപനങ്ങളിലെ ഓഹരി | ഇല്ല |
| ഓഹരി (സർക്കാർ) | ഇല്ല | അകസാമാനം | ഇല്ല |
| തേയ്മാന ഫണ്ട് | ഇല്ല | അറ്റനഷ്ടം | ഇല്ല |
| ഫർണിച്ചറുകൾക്കുള്ള കരുതൽ | ഇല്ല | | |
| സിൽബന്തി ചെലവ് തൻചെലവ് | ഇല്ല | | |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടത് | ഇല്ല | | |
| ആകെ | ഇല്ല | ആകെ | ഇല്ല |

ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള മുഴുവൻ ആസ്തികളും ബാധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തി യതിനുശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (5) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (6) പ്രകാരം ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മലബാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡിജിറ്റൽ അഡ്വാൻസ്മെന്റ് ക്ലിപ്തം നമ്പർ എസ്. 472-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരാവാകുന്നു.

ലിക്വിഡേഷൻ സംബന്ധിച്ച എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ന്റെ കാര്യാലയം,
കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).
(ഇൻ-ചാർജ്)